**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 703** **28-01-2026 - ൽ മറുപടിയ്ക്ക്**

**ഓവർഹെഡ് ലൈൻ വീടിന്റെ മേൽക്കൂരയ്ക്ക് മുകളിലൂടെ പോകുന്ന സാഹചര്യം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ് | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | വൈക്കം താലൂക്കിലെ കോതനല്ലൂർ ഗ്രാമത്തിൽ കാഞ്ഞിരത്താനം–ഓമല്ലൂർ പ്രദേശത്ത് സ്വകാര്യവാസ സ്ഥലത്തിനുള്ളിൽ സ്ഥാപിച്ച വൈദ്യുതി പോസ്റ്റിൽ നിന്നും വലിച്ചിരിക്കുന്ന ഓവർഹെഡ് ലൈൻ വീടിന്റെ മേൽക്കൂരയ്ക്ക് മുകളിലൂടെ കടന്നുപോകുന്ന സാഹചര്യം സംബന്ധിച്ച് ബന്ധപ്പെട്ട വ്യക്തി നൽകിയ പരാതികൾ സർക്കാരിന്റെയും വൈദ്യുതി ബോർഡിന്റെയും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വൈക്കം താലൂക്കിലെ കോതനല്ലൂർ ഗ്രാമത്തിൽ ശ്രീ. കൃഷ്ണകുമാർ.കെ.വി, **കുഴിമ്യാലിൽവീട്, കാഞ്ഞിരത്താനം** എന്നയാളുടെ പരാതി ലഭിക്കുകയും സ്ഥലം പരിശോധിക്കുകയും ചെയ്തു. തുടർ നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | സ്വകാര്യവാസസ്ഥലങ്ങളിൽ സ്ഥാപിച്ചിരിക്കുന്ന വൈദ്യുതി പോസ്റ്റുകളും മേൽക്കൂരകൾക്കു മുകളിലൂടെ കടന്നുപോകുന്ന ഓവർഹെഡ് ലൈനുകളും ജീവനും സ്വത്തിനും സുരക്ഷാഭീഷണിയാകുന്ന സാഹചര്യങ്ങളിൽ, നിലവിലുള്ള നിയമങ്ങളും സുരക്ഷാ മാനദണ്ഡങ്ങളും പ്രകാരം അവ മാറ്റി സ്ഥാപിക്കുന്നതിന് വൈദ്യുതി ബോർഡ് പിന്തുടരുന്ന നടപടിക്രമങ്ങൾ എന്തൊക്കെയാണ്; വ്യക്തമാക്കാമോ; | (ബി) | സ്വകാര്യ വാസസ്ഥലങ്ങൾ ഉൾപ്പെടെ വൈദ്യുതി പോസ്റ്റുകളും ലൈനുകളും സ്ഥാപിക്കുമ്പോൾ നിലവിലുള്ള നിയമങ്ങൾ അനുസരിച്ച് ആവശ്യമായ ക്ലിയറൻസ് പാലിച്ചാണ് സ്ഥാപിക്കുന്നത്. പിന്നീട് അപേക്ഷകന്റെ ആവശ്യപ്രകാരം ലൈൻ മാറ്റി സ്ഥാപിക്കുന്നതിനുള്ള അപേക്ഷകൾ ലഭിക്കുമ്പോൾ എസ്റ്റിമേറ്റ് തയ്യാറാക്കി അപേക്ഷകൻ എസ്റ്റിമേറ്റ് തുക അടച്ചശേഷം മാത്രമാണ് ലൈൻ മാറ്റി സ്ഥാപിക്കുന്നത്. കൂടാതെ കെ.എസ്.ഇ.ബി ലിമിറ്റഡിന്റെ ഇൻസ്പെക്ഷനിൽ കണ്ടെത്തുന്ന സുരക്ഷാപ്രശ്നങ്ങളുള്ള ലൈനുകൾ മാറ്റി സ്ഥാപിക്കുന്നതിനായി ഉടമസ്ഥന് ആവശ്യമായ നോട്ടീസ് നൽകുകയും തുടർ നടപടികൾ സ്വീകരിക്കുകയുമാണ് ചെയ്യുന്നത്. |
| (സി) | കാഞ്ഞിരത്താനം–ഓമല്ലൂർ പ്രദേശത്തെ പരാതിക്കാരന്റെ സ്ഥലത്ത് അടിയന്തരമായി സൈറ്റ് ഇൻസ്പെക്ഷൻ നടത്തി, വൈദ്യുതി പോസ്റ്റ് മാറ്റി സ്ഥാപിക്കുകയും ഓവർഹെഡ് ലൈൻ സുരക്ഷിതമായ മറ്റൊരു വഴിയിലേക്ക് മാറ്റുകയും ചെയ്യുന്നതിനായി സർക്കാർ നിർദേശം നൽകുന്നത് പരിഗണിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതുസംബന്ധിച്ച് സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ | (സി) | പ്രസ്തുത പരാതിയിൽ പരാമർശിച്ചിരിക്കുന്ന സ്ഥലം പരിശോധിച്ചു. ലൈൻ മാറ്റി സ്ഥാപിക്കുന്നതിനുള്ള എസ്റ്റിമേറ്റ് തയാറാക്കി വരുന്നു. ആവശ്യമായ തുക അടക്കുന്ന മുറക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |

| | | | |
|---|---|---|---|
| | എന്തൊക്കെയാണ്; ഈ വിഷയത്തിൽ ബഹു. മന്ത്രിക്ക് നൽകിയ പരാതിയിന്മേൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ? | | |

സെക്ഷൻ ഓഫീസർ